2047 ①

345

"പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രളയപാഠങ്ങൾ"

"മനുഷ്യൻ ഭൂമിയുടെ അധിപനായി,
പ്രകൃതിയെ ക്രൂശിച്ചു, നശിപ്പിച്ചു
മരങ്ങൾ വെട്ടി, പുഴകൾ അടച്ചു
മലകൾ ഇടിച്ചു, വയലുകൾ മൂടി."

പ്രകൃതി കരഞ്ഞു,
ആകാശം കറുത്തു
മേഘങ്ങൾ നിറഞ്ഞു
മഴ തകർത്തു പെയ്തു
മനുഷ്യന്റെ മുൻപിൽ
രൗദ്ര താണ്ഡവമാടി
വെള്ളം നിറഞ്ഞു
നാടും വീടും
വെള്ളത്തിൽ!
പ്രളയം കേരളത്തെ
മുക്കി കളഞ്ഞു
പകച്ചുപോയ നിമിഷങ്ങൾ!

ഇതായിരുന്നു മാസങ്ങൾക്കുമുമ്പ്, കേരളത്തിൽ നടന്ന ഏറ്റവും വലിയ പ്രകൃതി ദുരന്തം. നൂറ്റാണ്ടിലെ തന്നെ ഏറ്റവും ഭയാനകമായ പ്രളയം, കേരളത്തെ തകർത്തെറിഞ്ഞപ്പോൾ ഇന്ത്യമാത്രമല്ല, ലോകം മുഴുവൻ ഭീതിമുനയിൽ നിന്നു. പ്രകൃതിയുടെ ശിക്ഷ, രോഷം, പ്രതികാരം. ഇവയെല്ലാം ലോകമുഴുവനും ഭീതിയോടെ കണ്ടു.

പ്രളയമെന്നത് പ്രകൃതി തന്നെ ചെറു... ആ ശിക്ഷയായി മാത്രമേ നമുക്കു കാണാൻ സാധിക്കൂ. തന്നിലേക്കു തന്നെ തിരിച്ചുവരുവാനുള്ള ഒരു വിളി. ഇനി തന്നെ ചൂഷണം ചെയ്യുകയോ, നശിപ്പിക്കുകയോ ചെയ്താൽ ഇതു. വരാൻപോകുന്ന ഭവിഷത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പ്. ഇങ്ങനെ ഉള്ളതെല്ലാം ഈ മഹാപ്രളയത്തിൽ ഒതുക്കിയിരിക്കുകയാണ് പ്രകൃതി.

എന്നാൽ പ്രളയത്തിനുശേഷമുണ്ടായതോ? കേരളജനത ഒട്ടാകെ പഴയ അവസ്ഥയിലേക്കു പോയിരിക്കുന്നു. സമൂഹത്തിൽ വീണ്ടും അനാചാരങ്ങളും, പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളും തുടങ്ങിയിരിക്കുന്നു. എന്തുകൊണ്ടാണ് മനുഷ്യൻ എന്തു കിട്ടിയാലും പഠിക്കാത്തത് എന്തുകൊണ്ടാണ് അവന്റെ അത്യാഗ്രഹത്തിന് അറുതിയില്ലാത്തത്?

അവന്റെ അത്യാഗ്രഹവും, സ്വാർത്ഥതയ്ക്കും ഫലമായി നഷ്ടമായത്, പ്രകൃതിയുടെ സൗന്ദര്യവും, സന്തുലനാവസ്ഥയും, ജൈവവൈവിധ്യവുമാണ്. മനുഷ്യനും പ്രകൃതിയിലെ ഒരു കണ്ണിതന്നെയാണ്. അവനും പ്രകൃതിയെ ആശ്രയിച്ചു വേണം ജീവിക്കാൻ. എന്നാൽ നമ്മളാവട്ടെ പ്രകൃതിയെയും, മറ്റുള്ളവരെത്തന്നെയും മറന്നു സ്വന്തം നന്മയ്ക്കും, സ്വാർത്ഥതയ്ക്കും, ~~അത്യാ~~ സമ്പത്തിനും വേണ്ടി നാടും, കാടും, പ്രകൃതിയേയുമെല്ലാം തന്നെ നശിപ്പിക്കുന്നു.

മനുഷ്യന്റെ ഉത്ഭവത്തിനും, വളർച്ചയ്ക്കും, ജീവനത്തിനുമെല്ലാം പ്രകൃതി വഹിക്കുന്ന പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. എന്നിട്ടും പ്രകൃതിയോടുള്ള നന്ദിയും, കടപ്പാടും, കടമകളും മനുഷ്യരായ നാം ഓരോരുത്തരും മറക്കുന്നു.

നമുക്ക് ചരിത്രങ്ങളിലൂടെയും, പുരാണങ്ങളിലൂടെയും കടന്നുപോയി നോക്കാം; എവിടെയും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഗാഢതീവ്ര ബന്ധം മാത്രം.

ചരിത്രത്തിൽ പറയുന്നത് മനുഷ്യൻ പ്രകൃതിയോടിണങ്ങി പ്രകൃതി തരുന്നത് മാത്രം സ്വീകരിച്ച് ജീവിച്ചുവരായിരുന്ന മനുഷ്യർ അവിടെ നിന്ന് വികാസം പ്രാപിച്ചു. ചിന്തിക്കാനുള്ള ശേഷിയും മറ്റും കൂടിക്കൂടി ഇന്ന്, ഈ പ്രപഞ്ചത്തിൽ ഏറ്റവും വികാസം പ്രാപിച്ച ഒരു ജീവി വർഗ്ഗമായി മനുഷ്യൻ എത്തിനിൽക്കുമ്പോൾ, എന്താണിന്നത്തെ അവസ്ഥ? പ്രാചീന മനുഷ്യർ പ്രകൃതിയെ സ്നേഹിച്ചതുപോലെ സംരക്ഷിച്ചതുപോലെയോ അല്ല, ഇന്നത്തെ പുരോഗമിച്ച മനുഷ്യർ. അതിന്റെ നാലിലൊന്ന് പോലും ഇന്നത്തെ മനുഷ്യർ പ്രകൃതിയെ സംരക്ഷിക്കുകയോ സ്നേഹിക്കുകയോ ചെയ്യുന്നില്ല. എന്നിട്ടും പ്രകൃതി നമ്മെ സ്നേഹിക്കുന്നു. പ്രകൃതി നമുക്കായി എല്ലാം തരുന്നു.

പ്രകൃതി എന്നും ഒരു നല്ല സ്നേഹനിധിയായ മാതാവാണ്, അവൾ തന്റെ മക്കൾക്ക് നല്ലതുമാത്രമേ ചെയ്യുകയുള്ളൂ, മക്കളുടെ നന്മ അതാണ് പ്രകൃതി മാതാവിന്റെ ലക്ഷ്യം. പ്രളയജലത്താൽ കേരളം മുങ്ങിയപ്പോൾ, ഇനിയൊരിക്കലും കേരളം പഴയ അവസ്ഥയിലാകില്ലയെന്ന് ലോകം മുഴുവൻ വിളിച്ചു പറഞ്ഞു. പ്രകൃതി മാതാവിന്റെ ക്രോധം നമ്മെ തകർത്തെങ്കിലും, ആ മാതാവു തന്നെ നമ്മെ വീണ്ടെടുത്തു. ഒരു സ്നേഹനിധിയായ അമ്മയ്ക്കൊരിക്കലും തന്റെ മക്കളെ നശിപ്പിക്കാനാവില്ലയെന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കാം. പ്രകൃതിയുടെ ഏറ്റവും പ്രിയപ്പെട്ട മക്കളാണ് മനുഷ്യർ. ആ മനുഷ്യർ നശിക്കാൻ ഇടവരുത്തില്ല എന്ന് തെളിയിച്ചുകൊണ്ട് ആഴ്ചകൾ നീണ്ടുനിന്ന ഏറ്റവും ഭയാനകമായ

പ്രകൃതിയുടെ കണ്ണുനീർ അമ്മ തുടച്ചു. വീണ്ടും ചിരിച്ചു മനുഷ്യജീവിതം പഴയതുപോലെ.
~~[illegible]~~

പ്രകൃതിയെ ചൂഷണം ചെയ്യരുത് എന്ന വലിയ പാഠം, തോരാതെ നിന്ന മഴയാകുന്ന പ്രകൃതിയുടെ കണ്ണുനീർ കൊണ്ടും പ്രളയത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. പണ്ടുമുതലേ, മനുഷ്യന്റെ സ്വാർത്ഥതാല്പര്യവും അത്യാഗ്രഹവും മൂലം അവൻ കൈകടത്തി നശിപ്പിച്ച പ്രകൃതിയെ ചൂഷണം ചെയ്തതിനും, നശിപ്പിച്ചതിനും ~~പ്രകൃ~~ പ്രതികാരമെന്ന പോലെ പ്രകൃതി ചെറുതായൊന്നു പ്രതികരിച്ചതാണ് ലോകത്തെ മുഴുവൻ ഞെട്ടിച്ച ഈ മഹാപ്രളയം.

പ്രളയം വരുവാൻ കാരണം ശാസ്ത്രീയമായി പറഞ്ഞാൽ ബംഗാൾ ഉൾക്കടലിൽ, ഒഡിഷയുടെ തീരത്തുണ്ടായ തീവ്രമായ ന്യൂനമർദ്ദമാണ് ഈ ന്യൂനമർദ്ദം ഉണ്ടാകുവാൻ കാരണമോ ഒറ്റവാക്കിൽ പറഞ്ഞാൽ കാലാവസ്ഥ വ്യതിയാനവും, ~~അ~~ അതിനു കാരണം ആഗോളതാപനം. ഇതിനെല്ലാം ആഗോളതാപനത്തിനും, കാലാവസ്ഥ വ്യതിയാനത്തിനുമെല്ലാം കാരണക്കാരനോ . . . മനുഷ്യൻ! മനുഷ്യൻ മാത്രം. ആ വർഗത്തിൽ ഞാനും, നീയും, നാമെല്ലാവരും പെടും. ഇല്ലായെന്ന് പറയാൻ ആർക്കെങ്കിലും സാധിക്കുമോ? ഇതിലും വലിയ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ ആർക്കെങ്കിലും സാധിക്കുമോ? ഒരു പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോലും പ്രകൃതിയെ നോവിക്കാത്ത മനുഷ്യരുണ്ടോ? ഒന്ന് ചിന്തിച്ചു നോക്കാം.

ദൈവം എത്ര മനോഹരമായാണ് ഈ
പ്രപഞ്ചം സൃഷ്ടിച്ചത് ഒന്നു നോക്കൂ.
പരിപാലിക്കാനും വേണ്ടി ഈ സുന്ദരപ്രപഞ്ചം
ദൈവം മനുഷ്യനെ ഏൽപ്പിച്ചു. എന്നാൽ
മനുഷ്യനാകട്ടെ അതിനെ സ്വന്തം കാൽക്കീഴിൽ
കൊണ്ടുവരികയും, നിയന്ത്രിക്കുകയും, ദ്രോഹിക്കുകയുമൊക്കെ
ചെയ്തു. ചുഴലിക്കാറ്റും, സുനാമിയും, ഭൂകമ്പവും,
മണ്ണിടിച്ചിലും, ഉരുൾപൊട്ടലും, പ്രളയവുമെല്ലാം
വെറുംഭൂരിപക്ഷം മനുഷ്യന്റെ അതികഠിന പരിശ്ര
മത്തിന്റെ ഫലമാണ്. അവന്റെ അത്യാഗ്രഹത്തിനും,
സ്വാർത്ഥതയ്ക്കും ഒരു പരിധിയിടാൻ വേണ്ടിയാണ്
ഇങ്ങനെ കുറെ കാര്യ. സംഭവങ്ങൾ ഭൂമിയിലെങ്ങു
നടന്നത്. എന്നാൽ മനുഷ്യനാണോ മാറുന്നു.
അവന്റെ അത്യാഗ്രഹത്തിനും, സ്വാർത്ഥതയ്ക്കുമൊട്ടു
കുറവ്?

"ഒന്ന് ഓർക്കുക മനുഷ്യൻ പ്രകൃതിയുടെ
കാവൽക്കാരനാണ്, യജമാനനല്ല."

കേരളത്തിന്റെ മാത്രമവസ്ഥയല്ല ഇത്, ലോകമൊട്ടു
വൻ പ്രകൃതി നശിപ്പിക്കപ്പെട്ടിരിക്കുന്നു, ചുഴലിക്കാറ്റും,
ഭൂകമ്പവും, സുനാമിയുമെല്ലാം പലയിടത്തും നിത്യ
സംഭവങ്ങളാണ്. രണ്ടുമൂന്ന വർഷങ്ങൾക്കു മുമ്പ്
നമ്മുടെ അയൽ രാജ്യമായ നേപ്പാളിലുണ്ടായ
ഭൂചലനം, ഇന്ത്യയിലുടെയായ 2006-ലെ സുനാമി
ആർക്കു മറക്കാൻ സാധിക്കും ഇതെല്ലാം
ആർക്കു 'ഓഖി' ചുഴലിക്കാറ്റ്
കേരളത്തെ നടുക്കിയ
ഈ പ്രളയം', തൊട്ടടുത്ത സംസ്ഥാനമായ
തമിഴ്നാട്ടിലുണ്ടായ വൻമഴ. ഇതൊക്കെ
വരുത്തിവച്ച നാശനഷ്ടങ്ങളുൾ പലതാണ് ഇന്നും
അതുപോലെ തന്നെ. പ്രകൃതി തിരിച്ചടിച്ചതിനെ

ഉദാഹരണങ്ങളാണൊക്കെ പ്രധാനം. എന്നിട്ടും മനുഷ്യൻ പഠിക്കാത്തതെന്തുകൊണ്ട് അവന്റെ സ്വാർത്ഥത, നിർത്താൻ, ക്രൂരതകളും നിർത്താൻ സമയമായി, സമയം അതിക്രമിച്ചു.

'കേരളം' ദൈവത്തിന്റെ സ്വന്തം നാട് മരതക പട്ടുടുത്ത് പ്രശോഭയോടെ നിന്നിടുന്ന, സുന്ദരമായ ഗ്രാമപ്രദേശം.

~~ചങ്ങമ്പുഴ പാടിയ വരികൾ പോലെ~~

"മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാടുകൾ മുങ്ങി മുങ്ങി"

ചങ്ങമ്പുഴയുടെ ഈ സുന്ദര വരികൾ എത്രത്തോളം അർത്ഥമാക്കാൻ സാധിക്കും. കേരളത്തിന് അതിന്റേതായ ഒരു പാരമ്പര്യമുണ്ട്, സംസ്കാരമുണ്ട്, തനിമയുണ്ട്, പച്ചപ്പുണ്ട്.

"മാമലകൾക്കപ്പുറത്ത്
മരതക പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട്
കൊച്ചു മലയാളമെന്നൊരു നാടുണ്ട്".

ഈ വരികൾ മലയാളികളായ നമുക്കെങ്ങനെ മറക്കാൻ സാധിക്കും? മലയാളമെന്ന മാമലകളുടെ, മരതകപ്പട്ടുടുത്ത നാട് എത്രയോ പ്രശാന്ത സുന്ദരമായ നാട്.

കേരനിരകളുടെ, ഹരിത ശോഭയായ, കായലലകൾ പാട്ടുപാടുന്ന, കുട്ടനാടിന്റെ, കൊച്ചിയുടെ, പൂരങ്ങളുടെ നാടായ കേരളം! ലോകമെമ്പാടും അത്ഭുതത്തോടെ നോക്കികാണുന്ന സഞ്ചാരികളുടെ പ്രിയ കേന്ദ്രമായ നമ്മുടെ കേരളം.

എന്നാൽ ഇതൊക്കെ പഴങ്കഥകളാകുമോ? കേരളത്തിന്റെ സൗന്ദര്യം നാം നശിപ്പിക്കുമോ? ദൈവത്തിന്റെ സ്വന്തം നാടിന് എന്തൊക്കെയോ മാറിയിരിക്കുന്നു, എന്തൊക്കെയോ നശിച്ചിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാട്ടിലെ മാമലകളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു, മരതകപ്പട്ടുകൾ മനുഷ്യർ കൈക്കലാക്കുന്നു, മണ്ണും വെള്ളവും, മരവും എന്തിന് വായു-വെളിച്ചം ഇന്ന് മലിനമാക്കപ്പെട്ടിരിക്കുന്നു. ആർഷ സംസ്കാരത്തിന്റെ ഉത്ഭവകേന്ദ്രമായ ഭാരതത്തിന്റെ, അഭിമാനമായ കേരളത്തിനെന്തുപറ്റി?

നാൽപ്പത്തിനാലു നദികളുടെ നാടായ കേരളത്തിലെ നദികളും, പുഴകളും, കായലുകളും ഇന്ന് മാലിന്യങ്ങളുടെ സമൃദ്ധികേന്ദ്രം. മീനുകളും, ജലജീവികളും, സസ്യങ്ങളുമെല്ലാം ഇന്ന് വലിയ തോതിൽ നശിപ്പിക്കപ്പെടുന്നു. മനുഷ്യപ്രവൃത്തിയുടെ വലിയ അഭിമാനമായി പല ഫാക്ടറികളും, വ്യവസായശാലകളുമുണ്ടെങ്കിലും ഇവയിൽ നിന്നുള്ള മാലിന്യങ്ങളും, വിഷങ്ങളുമെല്ലാം ഒഴുക്കിവിടുന്നത് ഈ പുഴകളിലേക്കും, നദികളിലേക്കും. പല തോടുകളും, കുളങ്ങളും, കിണറുകളും, പാടങ്ങളും, വയലുകളും മണ്ണിട്ടു നികത്തി. അങ്ങനെ കേരളത്തിന്റെ ജലസമൃദ്ധി നഷ്ടമായി. ആഡംബര സൗധങ്ങളും മാളികകളും പണിയാൻ വേണ്ടി പല മരങ്ങളും ചെടികളും നശിപ്പിക്കപ്പെട്ടു. പല ജീവികളും വഴിയാധാരമായി. തന്റെ ആവശ്യത്തിനായിട്ടൊരു മരം മുറിക്കുമ്പോൾ നഷ്ടപ്പെടുന്നത് നൂറുകണക്കിന് ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയാണെന്ന് നാം മനുഷ്യർ മനസ്സിലാക്കുന്നില്ല.

എത്രയോ ജീവിജാലങ്ങളാണ് ഇങ്ങനെ നമ്മുടെ ഭൂമിയിൽ നിന്നില്ലാതായിരിക്കുന്നത്. ഇവയുടെ വംശനാശത്തിന് കാരണം മനുഷ്യർ തന്നെയാണെന്നോർക്കുക.

ടൂറിസവും ഇത് രണ്ടും കൂടി വംശനാശം സംഭവിച്ചിരിക്കുന്നു, ഇനി ഞാനാണോ അത്, അത് വലുതും ചെറുതുമാണെന്ന് ഓർക്കുക

ഇത്തരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളിൽ നിന്ന് നമുക്ക് മാറാം. ഒന്ന് മാറി ചിന്തിച്ചു, പ്രവർത്തിച്ചു നോക്കാം.

പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്താൽ ഇങ്ങനെയൊന്നെങ്കിലും ഉണ്ടാകുമോ ഇല്ലേയില്ല. അതിനായി മനുഷ്യരായ നമ്മുടെ അഹങ്കാരം, സ്വാർത്ഥത, അത്യാഗ്രഹം എന്നിവ ഉപേക്ഷിക്കാം. പ്രകൃതിക്ക് മുന്നിലും മറ്റുള്ളവരുടെ മുന്നിലും എളിമപ്പെട്ടു ജീവിക്കാം.

കേരളീയരായ നമുക്ക് മറക്കാൻ സാധിക്കാത്തവയാണ് ഈ പ്രളയം നമ്മെ പഠിപ്പിച്ച പാഠങ്ങൾ. പ്രളയം വരാൻ കാരണം പ്രകൃതി നശീകരണമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പ്രളയം കേരളത്തെ നടുക്കി വിറപ്പിച്ചെങ്കിലും കേരളജനത അതിനെ ഒരുമയോടെ നിന്ന് അതിജീവിച്ചു. ഈ ഒരുമ പ്രകൃതിയുടെ സംരക്ഷണത്തിനും കൂടി നമുക്ക് വിനിയോഗിക്കാം.

പ്രകൃതിയാണ് നമ്മുടെ യജമാനൻ അല്ലാതെ മനുഷ്യനല്ല അതിന്റെ അധിപൻ എന്ന ചിന്ത ആദ്യമേ തന്നെ ഓരോ മനുഷ്യരിലും വളർത്തിയെടുക്കണം. പ്രകൃതി തന്ന മുന്നറിയിപ്പായി പ്രളയത്തെ കണ്ട് ഇനിയൊരു വലിയ ദുരന്തം.

വരാതെ നോക്കേണ്ടത് നമ്മളോരോരുത്തരുടേയും കടമയാണ്.

പ്രകൃതി സംരക്ഷണം ഒരു വലിയ ഉത്തരവാദിത്വമായി ഓരോരുത്തരും ഏറ്റെടുക്കണം. "തൊട്ടിലിലെ ശീലം ചുടലവരെ" എന്ന പഴഞ്ചൊല്ല് നമ്മളെല്ലാവരും കേട്ടിട്ടുണ്ട്. പ്രകൃതി സംരക്ഷണം ഒരു ശീലമായി എടുത്താലേ, പ്രകൃതിയെ രക്ഷിക്കാൻ ഇനി കഴിയുകയുള്ളൂ.

നാം, യുവതലമുറയായ നമ്മളാണ് നാളത്തെ വാഗ്ദാനം. വിദ്യാർത്ഥികളായ നമ്മുടെ ഇത്തരം കടമകൾ നിർവഹിക്കേണ്ടത് അത്യാവശ്യമാണ്. നാം വസിക്കുന്ന വീടും പരിസരവും നമ്മൾ തന്നെ വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യാറുണ്ട്. അതുപോലെ നമ്മളെല്ലാവരും വസിക്കുന്ന ഈ സുന്ദര പ്രപഞ്ചം സംരക്ഷിക്കേണ്ടതും, വൃത്തിയാക്കേണ്ടതും നമ്മുടെ കടമകളും.

ഈ ലോകത്ത് ഏറ്റവും കൂടുതൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നത് വിദ്യാർത്ഥികളായ നമ്മളോരോരുത്തർക്കുമാണ്.

"ഒരു പുസ്തകത്തിനോ, ഒരു പേനയ്ക്കോ ഒരു വിദ്യാർത്ഥിക്കോ ഈ ലോകത്തെ മാറ്റിമറിക്കുവാൻ സാധിക്കും" - ഈ വാക്കുകൾ ഏറ്റവും പ്രായം കുറഞ്ഞ സമാധാന നൊബേൽ സമ്മാന ജേതാവായ മലാലയുടെ വാക്കുകളാണിത്.

വിദ്യാർത്ഥിയായ മലാല നമുക്ക് കാണിച്ചുതന്നു ഒരു വിദ്യാർത്ഥിയുടെ ശക്തിയെന്താണെന്ന്

മാലിന്യങ്ങൾ കഴുകി. ഇന്നലകൾ കഴിഞ്ഞു പോലും പഠിപ്പിച്ച പാഠങ്ങൾ ഓർത്തുകൊണ്ട് ഇനിയൊരു പ്രകൃതി ദുരന്തം വരാതിരിക്കാൻ നമുക്കൊരുമിച്ചു നിൽക്കാം.

"പ്രകൃതി സംരക്ഷണം നമ്മുടെ ആവശ്യമായുടെ ലക്ഷ്യമാകണം. പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും നമുക്ക് സമയം കണ്ടെത്താം; പ്രവർത്തിക്കാം.

"ഒരു നല്ല നാളേക്കായി കൈകോർക്കാം"

ജയ്ഹിന്ദ്.

ഉപന്യാസം HS

മലയാളം

— 643 —